*Uncorrected/Not for publication*

*01-07-2026*

*Annexure to submission raised by Shri P. Prasad, MLA*

ചട്ടം 304 പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. പ്രസാദ് ഉന്നയിച്ച " വേമ്പനാട് കായലിൽ നിന്നും അശാസ്ത്രീയമായ രീതിയിൽ മണ്ണെടുക്കുന്നത് അടിയന്തരമായി അവസാനിപ്പിക്കണം" എന്ന സബ്മിഷന് ജലവിഭവ-ഭവന നിർമ്മാണ വകുപ്പുമന്ത്രി അഡ്വ. മോൻസ് ജോസഫ് നൽകിയ മറുപടി.

21-04-2025-ലെ GO(Ms)No.28/2025/WRD നമ്പർ പ്രകാരം സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായി, തിരഞ്ഞെടുത്ത 11 ജലാശയങ്ങളിൽ (വേമ്പനാട് കായൽ ഉൾപ്പെടെ) ഡ്രഡ്ജിങ് നടത്തുന്നതിനും ഡ്രഡ്ജ് ചെയ്ത വസ്തുക്കൾ ദേശീയപാതാ അതോറിറ്റിയുടെ (National Highway Authority of India-NHAI) പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനുമുള്ള policy framework നിബന്ധനകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

കൂടാതെ കുട്ടനാട് പാക്കേജിന്റെ കീഴിൽ വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ടി NHAI-ക്ക് നൽകുന്നതിന് 28-11-2024-ലെ സ.ഉ(കൈ) നം. 07/2024/CSIND ഉത്തരവായിരുന്നു. ആയതുപ്രകാരം വേമ്പനാട് കായലിന്റെ കണ്ണങ്കര സൗത്ത്, കണ്ണങ്കര നോർത്ത്, പള്ളിപ്പുറം, വടക്കുംകര എന്നീ ഭാഗങ്ങളിൽ നിലവിൽ ഡ്രഡ്ജിങ് നടന്നുവരുന്നു. ഇതിൽ കണ്ണങ്കര സൗത്ത്, കണ്ണങ്കര നോർത്ത് എന്നീ ഭാഗങ്ങളിൽ 5,50,000/$m^3$ മണ്ണ് എടുത്തുമാറ്റുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിൽ 5,30,000/$m^3$ മണ്ണ് നീക്കം ചെയ്തു കഴിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ട് ലഭിച്ചിരിക്കുന്നത്.

കരയിൽ നിന്നും ഏകദേശം 350 മീറ്റർ അകലത്തിൽ നിന്നും മാത്രമേ മണ്ണെടുക്കാവൂ എന്നും അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യണമെന്നും കായലിന്റെ തീരത്തുനിന്നും 350 മീറ്റർ മാറി പോസ്റ്റുകൾ സ്ഥാപിക്കണമെന്നും കരാറുകാരായ KCC Buildcon-ന് നിർദേശം നൽകിയിട്ടുള്ളതാണ്. റോഡുമായി ബന്ധപ്പെട്ട ആശങ്കകളും കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളും കക്ക വാരൽ തൊഴിലാളികളും നേരിടുന്ന പ്രതിസന്ധികൾ പരിശോധിച്ച് NHAI അധികൃതരുമായി ചർച്ച ചെയ്ത് തുടർനടപടി

*01-07-2026*
*Annexure to submission raised by Shri P. Prasad, MLA*

സ്വീകരിക്കുന്നതാണ്. വേമ്പനാട് കായലിൽ നിന്നും മണ്ണെടുത്തതുമായി ബന്ധപ്പെട്ട് ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ സർക്കാർ പ്രത്യേകമായി പരിശോധിക്കുമെന്ന് വ്യക്തമാക്കുന്നു.

കൂടാതെ തണ്ണീർമുക്കം റെഗുലേറ്റർ കം ബ്രിഡ്ജിന് മുകളിലൂടെയുള്ള റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി താഴെ പ്രതിപാദിച്ചിരിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. തണ്ണീർമുക്കം ബ്രിഡ്ജിന് മുകളിൽ വേണ്ട റോഡിന്റെ അടിയന്തര അറ്റകുറ്റപണികൾ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്.

| Sl No. | Name of Work | AS No | Amount |
|---|---|---|---|
| 1 | General - CSIND-Providing BC Overlay to Thanneermukkom 1st and 2nd stages of bund road in Alappuzha Madurai road - Providing BC Overlay to Thanneermukkom 1st and 2nd stages of bund road in Alappuzha Madurai road - General Civil Work | AS/59D/25/49747 Dated 13-03-2026 | 1,40,00,000 |
| 2 | General - Emergency Repairs-Rectification of expansion joints in 1st and 2nd stages of Thanneermukkom barrage -General Civil Work | AS/59D/25/45144 Dated 29-08-2025 | തണ്ണീർമുക്കം ബണ്ട്- രണ്ട് ഭാഗത്തിന്റെയും അറ്റകുറ്റപണികൾ നടപ്പാക്കുന്നതിന് 73 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

മേൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളുടെയും ടെൻഡർ നടപടികൾ നടന്നുവരുന്നു. അനുകൂല കാലാവസ്ഥ ലഭിക്കുന്നത് പ്രയോജനപ്പെടുത്തി തണ്ണീർമുക്കം ബണ്ട് റോഡിന്റെ നവീകരണവും രണ്ട് ബണ്ടിന്റെയും പുനരുദ്ധാരണവും നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

അഡ്വ. മോൻസ് ജോസഫ്
ജലവിഭവ - ഭവന നിർമ്മാണ വകുപ്പ് മന്ത്രി